# പയ്യോളി മുൻസിപ്പാലിറ്റി

പയ്യോളി പിൻ 673522 കോഴിക്കോട് ജില്ല

ഫോൺ:- 0496 2602043 e-mail:payyolimunicipality@gmail.com


തീയ്യതി :19/12/2023

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

സർ,

വിഷയം:- പയ്യോളി നഗരസഭ - നവകേരള സദസ് മുഖേന ലഭിച്ച അപേക്ഷകൾ/നിവേദനങ്ങൾ-മറുപടി നൽകുന്നത് -സംബന്ധിച്ച്

സൂചന:- നവകേരള സദസിൽ ശ്രീ.എ.വി.സത്യൻ 06/12/2023 തീയ്യതിയിൽ സമർപ്പിച്ച KZD0232690 ഡോക്കറ്റ് നമ്പർ അപേക്ഷ.

നവകേരള സദസ്സിൽ ശ്രീ.എ.വി.സത്യൻ സമർപ്പിച്ച സൂചന പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിവരങ്ങൾ താങ്കളെ അറിയിക്കുന്നു.

ശ്രീ.എ.വി.സത്യൻ എന്നവർ സമർപ്പിച്ച വാണിജ്യ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ അപാകതകൾ ഉണ്ടായിരുന്നു. ടിയാൻ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം തരം മാറ്റിയ ഭൂമിയിലാണ് കാണിച്ചിരിക്കുന്നത്. ടിയാന്റെ സ്ഥലം കൈവശവകാശ സർട്ടിഫിക്കറ്റ് പ്രകാരം നഞ്ച ഭൂമിയാണ്. തരം മാറ്റാത്ത നഞ്ച ഭൂമിയിലാണ് പാർക്കിംഗ് സൌകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. പ്ലോട്ടിലേക്ക് അസസ് കാണിച്ചിരിക്കുന്നത് പ്ലോട്ടിന്റെ കിഴക്ക് വശത്തായുള്ള 90 cm wide വഴിയിൽ നിന്നാണ്. ഇതേ ഭാഗത്ത് 70 cm പ്ലോട്ട് റോഡ് വൈഡനിംഗ് ആവശ്യാർത്ഥം ലാന്റ് സറണ്ടേണ്ട് എന്ന് കാണിച്ചിരിക്കുന്നു. ആ ഭാഗത്ത് അതിർത്തിയിൽ വ്യക്തത ഇല്ല. തരം മാറ്റിയ സ്കെച്ച് പ്രകാരമുള്ള FMB യിൽ നിന്ന് അളവ് നോക്കുമ്പോൾ നിർമ്മാണം നടത്തുന്നത് തരം മാറ്റിയ ഭൂമിയിൽ നിന്ന് നഞ്ചയിലേക്ക് ഉൾപ്പെടാൻ സാധ്യത കാണുന്നു. നിർമ്മാണവും ഇതിനാവശ്യമായ മാൻഡേറ്ററി ഓപ്പൺ യാട് , പാർക്കിംഗ് ഏരിയ എന്നിവയെല്ലാം തരം മാറ്റിയ

ഭൂമിയിൽ മാത്രമെ ഉൾപ്പെടാൻ പാടുള്ളൂ.. എന്നാൽ മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് കക്ഷിക്ക് 21/5/21 ന് നോട്ടീസ് നൽകിയതിൽ നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലാത്തതാകുന്നു. നിലവിൽ നിർമ്മാണം പൂർത്തിയായതായി കക്ഷി പരാതിയിൽ പറയുന്നു. ആയതിനാൽ മേൽ അപാകതകൾ പരിഹരിച്ച് റഗുലറൈസേഷൻ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് എഞ്ചിനീയർ
പയ്യോളി നഗരസഭ

Assistant Engineer
Local Self Government Department
Payyoli Municipality

(LSGD (LID & EW) Payyoli Municipality)